# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1227** **07.06.2018 ൽ മറുപടിക്ക്**

## റോഡ് വെട്ടിപ്പൊളിക്കുന്നതിന് നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | മഴക്കാലം ആരംഭിക്കാനിരിക്കെ റോഡുകളിൽ കുഴികളും അപകടങ്ങളും ഉണ്ടാകുന്നത് തടയുന്നതിനായി സർക്കാർ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും റോഡിലെ ടാർ വെട്ടിപ്പൊളിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ; | (എ) | ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | റോഡ് വെട്ടിപ്പൊളിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തുന്നതിനായി ഉത്തരവോ നിർദ്ദേശമോ പുറപ്പെടുവിക്കുമോ; | (ബി) | ജൂൺ 1 മുതൽ ആഗസ്റ്റ് 15 വരെ മഴക്കാലമായതിനാൽ പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നതിനുള്ള റോഡ് കട്ടിംങ്, കുഴിയെടുക്കൽ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ സാധാരണ രീതിയൽ നടത്തിയാൽ റോഡിന്റെ ബലക്ഷയത്തിനു കാരണമാവുമെന്നതിനാൽ അത്യാവശ്യ ഘട്ടങ്ങളിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറും, അപേക്ഷകരായ വകുപ്പുകളിലേയോ, കമ്പനികളിലേയോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനും സംയുക്ത പരിശോധന നടത്തി തീരുമാനങ്ങൾ എടുത്ത് നടപ്പാക്കേണ്ടതാണെന്ന് പൊതുമരാമത്ത് വകുപ്പിലെ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അടിയന്തര സാഹചര്യങ്ങളിൽ റോഡ് വെട്ടിപ്പൊളിക്കുക യാണെങ്കിൽ യുദ്ധ കാലാടിസ്ഥാനത്തിൽ അത് നന്നാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | (സി) | അടിയന്തര സാഹചര്യങ്ങളിൽ റോഡ് വെട്ടിപ്പൊളിക്കുകയാണെങ്കിൽ യുദ്ധ കാലാടിസ്ഥാനത്തിൽ അത് നന്നാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട എല്ലാപേർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**